<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 923</u> — <u>26-07-2021 - ൽ മറുപടിയ്ക്ക്</u>

<u>കൊയിലാണ്ടി മണ്ഡലത്തിലെ ഉള്ളൂർക്കടവ് പാലം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ഉള്ളൂർക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് റവന്യൂ ലാന്റ് അക്വിസിഷൻ വിഭാഗത്തിന്റെ നടപടികൾ ഏതുവരെയെത്തി എന്ന് വിശദമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ ഉള്ളിയേരി, ചെങ്ങോട്ട്കാവ് വില്ലേജുകളെ ബന്ധിപ്പിക്കുന്ന ഉള്ളൂർക്കടവ് പാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട എസ്.ഐ.എ പഠനം നടത്തുന്നതിന് ഗസറ്റിൽ 4(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും 27/01/2020 ന് സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട് എസ്.ഐ.എ ഏജൻസി സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ട് വിദഗ്ധ സമതി വിലയിരുത്തിയിട്ടുള്ളതും സമിതിയുടെ ശുപാർശ ജില്ലാകളക്ടർ അംഗീകരിച്ച് ഭൂമി ഏറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകുന്നതിന് സമുചിത ഗവൺമെന്റ് 01/06/2020 ന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പ്രാഥമിക വിജ്ഞാപനം (11(1) നോട്ടിഫിക്കേഷൻ) 05/11/2020 ന് 2653-ാം നമ്പറായും ആയതിൽ വന്ന തെറ്റ് തിരുത്തി കൊണ്ടുള്ള തിരുത്തൽ വിജ്ഞാപനം 02/12/20 ലെ 2924-ാം നമ്പറായും ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും പദ്ധതി ബാധിതർക്കുള്ള പുനരധിവാസ പാക്കേജിൽ മേൽ ബാധിതരെ 22/07/2021 ന് കേൾക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ് |
| (ബി) | ഇതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള നടപടികൾ ലാന്റ് അക്വിസിഷൻ വിഭാഗത്തിന് ചെയ്തു തീർക്കാനുണ്ടോ; ഉണ്ടെങ്കിൽ ആയത് എന്തെല്ലാമാണെന്നും എത്ര സമയത്തിനുള്ളിൽ തീർക്കാനാവുമെന്നും വിശദമാക്കാമോ? | (ബി) | പുനരധിവാസ പാക്കേജിൽ ബാധിതരെ കേട്ടതിനു ശേഷം അഡ്മിനിസ്ട്രേറ്റർ തയ്യാറാക്കുന്ന പുനരധിവാസ പാക്കേജ് അംഗീകാരത്തിനായി ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതും ആയതിനു അംഗീകാരം ലഭിച്ചതിനുശേഷം പുനരധിവാസ പാക്കേജ് കൂടി ഉൾപ്പെടുത്തികൊണ്ടുള്ള ഏറ്റെടുക്കൽ പ്രഖ്യാപനം (19(1) നോട്ടിഫിക്കേഷൻ) ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട്, വിശദവില വിവര പട്ടിക എന്നിവ അംഗീകരിക്കേണ്ടതും ആയതിനുശേഷം അവാർഡ് തയ്യാറാക്കേണ്ടതുമുണ്ട്. മേൽ നടപടികൾ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുന്നതിന് ഏകദേശം ഒരു വർഷം കാലതാമസം വരുമെന്ന് പ്രതീക്ഷിക്കുന്നു |

സെക്ഷൻ ഓഫീസർ